## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2860** — **06-11-2019 ൽ മറുപടി**

**<u>നിലമ്പൂർ മണ്ഡലത്തിൽ പ്രളയത്തിൽ കേടുപറ്റിയ ജലസേചന പദ്ധതികൾ</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.വി. അൻവർ** | | **ശ്രീ.കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | 2019-ലെ പ്രളയത്തിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം ജലസേചന/ജല വിതരണ പദ്ധതികൾക്കാണ് കേടുപാടുകൾ സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ 2019 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച ജലസേചനപദ്ധതികൾ താഴെ ചേർക്കുന്നു.<br>1. പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ്<br>2. പൂവത്തിക്കടവ് എൽ.ഐ.എസ്<br>3. കൊളുപാറ എൽ.ഐ.എസ്<br>4. ഗ്രാമംകടവ് എൽ.ഐ.എസ്<br>5. കടുവാക്കുഴി I എൽ.ഐ.എസ്<br>6. കടുവാക്കുഴി II എൽ.ഐ.എസ്<br>7. മണലി എൽ.ഐ.എസ്<br>8. മുച്ചിപ്പുരത എൽ.ഐ.എസ്<br>9. മുപ്പിനി എൽ.ഐ.എസ്<br>10. കരുന്തോട്ടിമണ്ണ എൽ.ഐ.എസ്<br>11. തെക്കേപ്പാലാട് എൽ.ഐ.എസ്<br>12. ചളിക്കൽപ്പൊട്ടി എൽ.ഐ.എസ്<br>13. പാലങ്കര എൽ.ഐ.എസ്<br>14. എടക്കര എൽ.ഐ.എസ്<br>കേരള വാട്ടർ അതോറിറ്റി നിലമ്പൂർ മണ്ഡലത്തിലെ പൂർത്തീകരിക്കാനുള്ള ചുങ്കത്തറ - പൂക്കോട്ടുമണ്ണ കടവിൽ ചാലിയാർ പുഴ സ്രോതസ്സായി വിഭാവനം ചെയ്തിട്ടുള്ള ചുങ്കത്തറ, എടക്കര, വഴിക്കടവ്, പോത്തുകല്ല് സമഗ്ര കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസിനും ചെറിയ തകരാറുകൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ, കിണറിലും പമ്പ് ഹൗസിലും ചെളി നിറഞ്ഞിട്ടുണ്ട്. നിലമ്പൂർ അമരമ്പലം, എടക്കര, പടിഞ്ഞാട്ടുംപാടം എന്നീ കുടിവെള്ള പദ്ധതികളുടെ ശുദ്ധീകരണ ശാലകളിലും പമ്പ് ഹൗസുകളിലും വെള്ളം കയറുകയും, പമ്പ്, മോട്ടോറുകൾ തുടങ്ങിയ വിവിധ ഇലക്ട്രിക്കൽ മെക്കാനിക്കൽ ഉപകരണങ്ങൾക്കു കേടുപാടുകൾ സംഭവിക്കുകയും പ്രസ്തുത പദ്ധതികളുടെ ജലവിതരണം തടസ്സപ്പെടുകയും ചെയ്തിരുന്നു.<br><br>നിലമ്പൂർ നിയോജക മണ്ഡലത്തിൽ വഴിക്കടവ്, മൂത്തേടം എടക്കര, പോത്തുകല്ല് ചുങ്കത്തറ എന്നീ പഞ്ചായത്തുകളിലായി 128 കുടിവെള്ള വിതരണ പദ്ധതികൾ ജലനിധി ഒന്നാം ഘട്ടത്തിൽ നിർമ്മാണം പൂർത്തിയാക്കി |

| | | | |
|---|---|---|---|
| | | | ജനകീയസമിതികൾക്ക് നടത്തിപ്പിനായി കൈമാറിയിട്ടുണ്ട്. ഇവയിൽ 2019 ലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ട പദ്ധതികളുടെ വിശാംശങ്ങൾ താഴെക്കൊടുക്കുന്നു.<br>1. ഹൈസ്കൂൾ കുന്നു കുടിവെള്ള പദ്ധതി – ചുങ്കത്തറ ഗ്രാമപഞ്ചായത്ത്<br>2. കട്ടംകുളം – പോത്തുകൽ ഗ്രാമപഞ്ചായത്ത്<br>3. മാക് സമഗ്ര കുടിവെള്ള പദ്ധതി – പോത്തുകൽ ഗ്രാമപഞ്ചായത്ത്<br>4. കോട്ടമല കുടിവെള്ളപദ്ധതി – മൂത്തേടം ഗ്രാമപഞ്ചായത്ത് |
| (ബി) | കേടുപാടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ കേടുപാടുകൾ തീർക്കുന്നതിനുള്ള സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികളുടെയും എൽ.ഐ സ്കീമുകളിലെ കേടുപാടുകൾ തീർക്കുന്നതിനുള്ള ഇലക്ട്രിക്കൽ പ്രവൃത്തികളുടെയും എസ്റ്റിമേറ്റുകൾക്ക സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. താഴെ പറയുന്ന എൽ.ഐ പദ്ധതികളുടെ സിവിൽ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ കേന്ദ്ര സഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.<br>1. പൂവത്തിക്കടവ് എൽ.ഐ.എസ്<br>2. കൊത്തുപാറ എൽ.ഐ.എസ്<br>3. ഗ്രാമംകടവ് എൽ.ഐ.എസ്<br>4. കടുവാക്കുഴി എൽ.ഐ.എസ്<br>5. മണലി എൽ.ഐ.എസ്<br>6. മുച്ചിപ്പുരത എൽ.ഐ.എസ്<br>7. മുപ്പിനി എൽ.ഐ.എസ്<br>8. കുരുന്തോട്ടിമണ്ണ എൽ.ഐ.എസ്<br>9. തെക്കേപ്പാലാട് എൽ.ഐ.എസ്<br>10. ചളിക്കൽപ്പൊട്ടി എൽ.ഐ.എസ്<br>11. പാലങ്കര എൽ.ഐ.എസ്<br>12. എടക്കര എൽ.ഐ.എസ്<br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികളിലെ കേടുപാടുകൾ അടിയന്തിരമായി പരിഹരിച്ച് ജലവിതരണം നടത്തിവരുന്നു<br>കേടുപാടുകൾ സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ട പദ്ധതികളെ ജലനിധി സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി തകരാറുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു . |

**സെക്ഷൻ ഓഫീസർ**